(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായി രൂപംകൊടുത്തിട്ടുള്ള പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം. ഈ പദ്ധതി പ്രകാരം 43,437 പേർക്ക് പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി 14 ജില്ലകളിലും പട്ടയമേളകൾ നടത്തിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് മേല്പറഞ്ഞ ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഭൂവിനിയോഗ ഉത്തരവ്

175 (1254) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ അത് ഏത് ഉത്തരവാണ്;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം ;

(സി) പ്രസ്തുത ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കുവാൻ സാധിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചാൽ ഉള്ള ശിക്ഷ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചതിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ട്.

(ബി) ഭൂമി മറ്റ് കൃഷി ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ 15 ക്ലോസുകളിലൂടെ ഇതിന് അവലംബിക്കേണ്ട മാർഗ്ഗരേഖയാണ് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) പ്രസ്തുത ഉത്തരവിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഉത്തരവിലെ ക്ലോസ്സ് 12 പ്രകാരം കളക്ടർ പുറപ്പെടുവിക്കുന്ന ഒരു ഉത്തരവ് നടപ്പാക്കുവാൻവേണ്ട ഏതു നടപടികളും കളക്ടർക്ക് സ്വീകരിക്കാവുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ബാധകമല്ല.

നെൽവയൽ നികത്തി വീട് നിർമ്മിച്ചതിന് പിഴ ഇനത്തിൽ ലഭിച്ച വരുമാനം

176 (1255) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുന്നതിന് നെൽവയൽ നികത്തിയ മുൻകാല നടപടി റഗുലറൈസ് ചെയ്യുന്നതിന് ഭൂമിയുടെ മുഖവിലയുടെ എത്ര ശതമാനം പിഴ അടയ്ക്കേണ്ടതുണ്ട് ; പ്രസ്തുത പിഴ ഇനത്തിൽ 2015-16 സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി രൂപയാണ്;

LIBRARY ARCHIVES Kerala Legislative Assembly